LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിത വിതരണം

123 [128] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-2005 വർഷത്തേയ്ക്ക് കേരള വികസന പദ്ധതിയുടെ ഭാഗമായി എത്ര ഗഡു പദ്ധതി വിഹിതം നൽകിയിട്ടുണ്ട്;

(ബി) ഇനി എത്ര നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഫണ്ടിന്റെ ലഭ്യത ഇല്ലായ്മമൂലം വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 10 ഗഡുക്കൾ.

(ബി) 2 ഗഡുക്കൾ.

(സി) ഇല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക

124 [129] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര ശതമാനം സംഖ്യ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ ബഡ്ജറ്റിൽ നീക്കിവച്ച പദ്ധതി വിഹിതത്തിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നടപ്പുവർഷത്തെ ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമിനത്തിൽ 1,350 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയിനത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക (ശതമാനം) ചുവടെ ചേർക്കുന്നു.

ക്രമ നം.	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	വിഹിതം (ശതമാനം)
(1)	(2)	(3)
1	ഗ്രാമ പഞ്ചായത്തുകൾ	56.23
2	ബ്ലോക്ക് പഞ്ചായത്തുകൾ	13.71
3	ജില്ലാ പഞ്ചായത്തുകൾ	14.13
4	മുനിസിപ്പാലിറ്റികൾ	8.88
5	കോർപ്പറേഷനുകൾ	7.05
		100.00

(സി) ഉണ്ട്. വകയിരുത്തിയ പദ്ധതി വിഹിതത്തിന്റെ 13.44% തുക കുറവ് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബഡ്ജറ്റ് തുക വിനിയോഗവും

125 [130] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്രയാണ്;

(ബി) ഈ തുകയിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം ഇതുവരെ അനുവദിച്ച തുക യെത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പദ്ധതി നിർമ്മാണത്തിന് ചുരുക്കം നാളുകൾ മാത്രം അവശേഷി ക്കുന്ന ഈ ഘട്ടത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും അനുവദിക്കുവാനും പ്രസ്തുത തുക പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ചെലവഴിച്ചുവെന്ന് ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1,350 കോടി രൂപ പദ്ധതിവിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2004-2005-ലെ പദ്ധതി വിഹിതത്തിൽ 13.44 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം ഇതുവരെ 951.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക ഞെരുക്കം കാരണം 14 ഗഡുക്കളിൽ 12 ഗഡുക്കൾ മാത്രം നൽകുവാനേ കഴിയുകയുള്ളൂ. പദ്ധതി നിർവ്വഹണം ഊർജ്ജിത മാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly